LIBRARY ARCHIVES Kerala Legislative Assembly

ഹജ്ജ് വോളണ്ടിയറെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

62 [3070] ശ്രീ. കെ. ബാബു:

" എം. മുരളി:

" എ. സുജനപാൽ:

" എൻ. ശക്തൻ:

" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് കർമ്മത്തിൽ പങ്കെടുക്കുന്ന തീർത്ഥാടകരുടെ സൗകര്യങ്ങൾ നോക്കുന്നതിനായി ഹജ്ജ് വോളണ്ടിയർമാരെ തെരഞ്ഞെടുക്കാറുണ്ടോ;

(ബി) അവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളും കൊടുക്കാറുണ്ട്;

(ഡി) ഇവർ ഹാജിമാരെ സഹായിക്കുന്നില്ല എന്ന പരാതി ഉണ്ടോ; എങ്കിൽ എന്തെല്ലാം നടപടി ഇക്കാര്യത്തിൽ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഞ്ഞൂറ് തീർത്ഥാടകർക്ക് ഒരാൾ എന്ന തോതിലാണ് വോളണ്ടിയർമാരെ തെരഞ്ഞെടുക്കുന്നത്. സർക്കാർ ഉദ്യോഗസ്ഥരായിരിക്കുക, 25 വയസ്സിനും 50 വയസ്സിനും ഇടക്ക് പ്രായമുള്ള പൂർണ്ണ ആരോഗ്യമുള്ളവർ, മുൻപ് ഹജ്ജ് ചെയ്തവർ, കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഹജ്ജ് വോളണ്ടിയറായി സേവനമനുഷ്ടിച്ചവരല്ലാതിരിക്കുക, അറബി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള പ്രാവീണ്യം, സേവന തൽപ്പരത എന്നിവയാണ് മാനദണ്ഡങ്ങൾ.

(സി) ഇവർക്ക് യാത്ര, ഭക്ഷണം, താമസം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ചെയ്തുവരുന്നുണ്ട്.

(ഡി) കഴിഞ്ഞ വർഷം ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നാലു വോളണ്ടിയർമാർക്കെതിരെ സംസ്ഥാന ഹജ്ജ് കമ്മിറ്റി അന്വേഷണം നടത്തുകയും ഗുരുതരമായ വീഴ്ചകൾ ഇല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് താക്കീത് നൽകി മറ്റ് നടപടികൾ വേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.